**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1693** **20-06-2024 - ൽ മറുപടിയ്ക്ക്**

**വിളനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലുള്ള സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ കർഷകർക്ക് വിളനാശം മൂലം എത്ര രൂപയുടെ നഷ്ടമുണ്ടായെന്ന് അറിയിക്കാമോ; നഷ്ടപരിഹാരം ആവശ്യപ്പെട്ട് ആകെ ലഭിച്ച അപേക്ഷകൾ എത്രയാണ്; എത്ര പേർക്ക് സഹായം അനുവദിച്ചു; നാളിതുവരെ എത്ര രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (എ) | കർഷകർ സമർപ്പിച്ച അപേക്ഷ പ്രകാരം പരിശോധന നടത്തിയതിൽ 20.05.2021 മുതൽ 31.12.2023 വരെ 66.11 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 01.01.2024 മുതൽ 31.05.2024 വരെയുള്ള കാലയളവിൽ 257.12 രൂപയുടെ കൃഷി നാശം സംഭവിച്ചിട്ടുണ്ട്.<br><br>എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടത്തിന് ടി കാലയളവിൽ 1,48,413 അപേക്ഷകൾ ആണ് ലഭിച്ചത്. ആയതിൽ 1,14,195 അപേക്ഷകൾക്കാണ് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളത്. ഈ കാലയളവിൽ കുടിശ്ശിക ഉൾപ്പെടെ 109.12 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഈ കാലയളവിൽ ആകെ 43,150 അപേക്ഷകൾ ലഭിച്ചു. അതിൽ 36,713 അപേക്ഷകൾ പരിശോധന പൂർത്തിയാക്കി അംഗീകരിക്കുകയും, നഷ്ടപരിഹാരമായി കുടിശ്ശിക ഉൾപ്പെടെ 94.31 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്നും പ്രസ്തുത കാലയളവിൽ 9.397791 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>കേന്ദ്ര സംസ്ഥാന സംയുക്ത പദ്ധതിയായ കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ PMFBY, RWBCIS എന്നിവയുടെ സംസ്ഥാന വിഹിതം 144.3323054 കോടി രൂപ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതി മുഖേന 131888 കർഷകർക്കായി 177.7798 കോടി രൂപ ഇൻഷ്വറൻസ് കമ്പനി മുഖേന വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ